# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഒക്ടോബർ 9

# വാർത്താക്കുറിപ്പ്

## പുനർമൂല്യനിർണയ ഫലം

2018 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി .കോം, 2018 മേയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.(2017 അഡ്മിഷൻ) പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ് . മാർക്ക് വ്യത്യാസമുള്ളവർ വെബ് സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത മെമ്മോ , ഗ്രേഡ് കാർഡ് എന്നിവയുടെ പ്രിന്റൗട്ടുകൾ സി .ബി.സി.എസ്.എസ്. സെക്ഷനിൽ നൽകണം.

(പി.ആർ.ഒ./39/1790/2019)

## വൈവാ വോസി

2019 ജൂലൈയിൽ നടന്ന മൂന്നും നാലും സെമസ്റ്റർ എം .എസ് സി. മാത്തമാറ്റിക്സ് പ്രൈവറ്റ് ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാ വോസിയും ഒക്ടോബർ 30, 31 തീയതികളിൽ കളമശേരി സെന്റ് പോൾസ്, ചങ്ങനാശേരി എൻ.എസ്.എസ്. കോളജുകളിൽ നടക്കും. കളമശേരി സെന്റ് പോൾസ്, മാല്യങ്കര എസ്.എൻ.എം., ഇടക്കൊച്ചി സിയന്ന എന്നീ കോളജുകളിലെ പരീക്ഷ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തവർ കളമശേരി സെന്റ് പോൾസ് കോളജിലും ചങ്ങനാശേരി എൻ .എസ്.എസ്., പത്തനംതിട്ട കാതോലിക്കറ്റ് കോളജുകളിൽ രജിസ്റ്റർ ചെയ്തവർ ചങ്ങനാശേരി എൻ .എസ്.എസ്. കോളജിലും പരീക്ഷ തീയതികളിൽ ഹാൾടിക്കറ്റുമായി ഹാജരാകണം . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1791/2019)

## പരീക്ഷ ഫലം

2019 മേയിൽ നടന്ന നാലാം സെമസ്റ്റർ എം .എസ് സി . സൈക്കോളജി പി .ജി.സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക് ടോബർ 19 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1792/2019)

2019 മേയിൽ നടന്ന നാലാം സെമസ്റ്റർ എം .എസ് സി . ഫിസിക്സ് പി .ജി.സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക് ടോബർ 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1793/2019)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി .എസ് സി . മാത്തമാറ്റിക്സ് മോഡൽ 1, ബി.എസ് സി . സ്റ്റാറ്റിസ്റ്റിക്സ്, സുവോളജി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി , പെട്രോ കെമിക്കൽസ് (കോംപ്ലിമെന്ററി - കമ്പ്യൂട്ടർ സയൻസ് - സി.ബി.സി.എസ്. 2018 അഡ്മിഷൻ റഗുലർ , 2017 അഡ്മിഷൻ സപ്ലിമെന്ററി ,

സി.ബി.സി.എസ്.എസ്. 2013-16 അഡ്മിഷൻ സപ്ലിമെന്ററി ) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ(സോഫ്റ്റ്‌വേർ ലാബ് 1) ഒക്ടോബർ 14 മുതൽ ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1794/2019)

രണ്ടാം സെമസ്റ്റർ ബി .എസ് സി. മാത്തമാറ്റിക്സ് മോഡൽ 2(വൊക്കേഷണൽ കോഴ്സ്-കമ്പ്യൂട്ടർ സയൻസ്-സി.ബി.സി.എസ്. 2018 അഡ്മിഷൻ റഗുലർ , 2017 അഡ്മിഷൻ സപ്ലിമെന്ററി , സി.ബി.സി.എസ്.എസ്. 2013-16 അഡ്മിഷൻ സപ്ലിമെന്ററി ) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ (സോഫ്റ്റ്‌വേർ ലാബ് 2) ഒക്ടോബർ 14 മുതൽ ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1795/2019)

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം .എ., എം.എസ് സി., എം.കോം., എം.സി.ജെ., എം.എസ്.ഡബ്ല്യൂ., എം.ടി.എ. ആൻഡ് എം .ടി.ടി.എം. ( 2019 അഡ്മിഷൻ-റഗുലർ) പരീക്ഷയ്ക്ക് ഒക് ടോബർ 16 മുതൽ 21 വരെ പിഴയില്ലാതെയും ഒക് ടോബർ 22 മുതൽ 24 വരെ 500 രൂപ പിഴയോടെയും ഒക് ടോബർ 25ന് 1000 സൂപ്പർഫൈനോടെയും ഫീസടച്ച് ഓൺലൈൻ രജിസ് ട്രേഷൻ നടത്താം . വിശദവിവരം വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1796/2019)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ ആറാം സെമസ്റ്റർ ത്രിവൽസര എൽ .എൽ.ബി. (2016 അഡ്മിഷൻ റഗുലർ, 2010-2015 അഡ്മിഷൻ സപ്ലിമെന്ററി , 2009 അഡ്മിഷൻ ആദ്യ മെഴ് സി ചാൻസ്/2009 വരെയുള്ള അഡ്മിഷൻ രണ്ടാം മെഴ് സി ചാൻസ് ), പത്താം സെമസ്റ്റർ പഞ്ചവത്സര എൽ .എൽ.ബി. ( 2007-2010 അഡ്മിഷൻ സപ്ലിമെന്ററി /2006 അഡ്മിഷൻ ആദ്യ മെഴ് സി ചാൻസ്/2006 വരെയുള്ള അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് -കോമൺ) പരീക്ഷകൾ ഒക്ടോബർ 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 15 വരെയും 500 രൂപ പിഴയോടെ ഒക്ടോബർ 16 വരെയും 1000 രൂപ സൂപ്പർ ഫൈനോടെ ഒക് ടോബർ 17 വരെയും അപേക്ഷിക്കാം . റഗുലർ വിദ്യാർഥികൾ പരീക്ഷഫീസിന് പുറമേ പേപ്പറൊന്നിന് 30 രൂപ വീതവും(പരമാവധി 200 രൂപ) വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. ആദ്യ മേഴ് സി ചാൻസു കാർ 5000 രൂപയും രണ്ടാം മേഴ് സി ചാൻസുകാർ 7000 രൂപയും സ്പെഷൽ ഫീസ് കൂടി അടയ്ക്കണം . മേയ്/ജൂൺ 2019 ലെ ഒന്നാം ,മൂന്നാം, അഞ്ചാം സെമസ്റ്റർ മെഴ് സി ചാൻസ് പരീക്ഷയ്ക്ക് സ് പെഷൽ ഫീസടച്ചവർ വീണ്ടും അടയ് ക്കേണ്ടതില്ല. ഫീസടച്ചതിന്റെ പകർപ്പ് അപേക്ഷയ്ക്കൊപ്പം നൽകിയാൽ മതി. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1797/2019)

അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ ത്രിവൽസര എൽ .എൽ.ബി.(2017 അഡ്മിഷൻ റഗുലർ, 2011-2016 അഡ്മിഷൻ സപ്ലിമെന്ററി , 2010 അഡ്മിഷൻ ആദ്യ മെഴ് സി ചാൻസ് /2010 വരെയുള്ള അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്), എട്ടാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (2007-2010 അഡ്മിഷൻ സപ്ലിമെന്ററി/2006 അഡ്മിഷൻ ആദ്യ മേഴ് സി ചാൻസ് /2006 വരെയുള്ള അഡ്മിഷൻ രണ്ടാം മെഴ് സി ചാൻസ്) പരീക്ഷകൾ നവംബർ 15ന് ആരംഭിക്കും . പിഴയില്ലാതെ ഒക് ടോബർ 16 വരെയും 500 രൂപ പിഴയോടെ ഒക് ടോബർ 17 വരെയും 1000 രൂപ സൂപ്പർ ഫൈനോടെ ഒക് ടോബർ 18 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ പരീക്ഷഫീസിന് പുറമേ പേപ്പറൊന്നിന് 30 രൂപ വീതവും(പരമാവധി 200 രൂപ) വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം. ആദ്യ മേഴ് സി ചാൻസുകാർ 5000 രൂപയും രണ്ടാം മേഴ് സി ചാൻസുകാർ 7000 രൂപയും സ്പെഷൽ ഫീസ് കൂടി അടയ്ക്കണം . മേയ്/ജൂൺ 2019 ലെ ഒന്നാം ,മൂന്നാം, അഞ്ചാം സെമസ്റ്റർ മെഴ് സി ചാൻസ് പരീക്ഷയ്ക്ക് സ് പെഷൽ ഫീസടച്ചവർ വീണ്ടും അടയ് ക്കേണ്ടതില്ല. ഫീസടച്ചതിന്റെ പകർപ്പ് അപേക്ഷയ്ക്കൊപ്പം നൽകിയാൽ മതി. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1798/2019)

മൂന്നാം സെമസ്റ്റർ എം .എച്ച്.ആർ.എം. ( 2018 അ്ഡമിഷൻ റഗുലർ /2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഒക് ടോബർ 18ന് ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1799/2019)

## 'കുട്ടികളുടെ വളർച്ചയും വികാസവും';
## എം.ജിയിൽ ഏകദിന സെമിനാർ 11ന്

'കുട്ടികളുടെ വളർച്ചയും വികാസവും ; മാതാപിതാക്കൾ അറിയേണ്ട കാര്യങ്ങൾ ' എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഏകദിന സെമിനാർ ഒക് ടോബർ 11 ന നടക്കും. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ സംരക്ഷണത്തിനായി മാതാപിതാക്ക ൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ , കുട്ടികളുടെ വളർച്ചയിലെ വ്യതിയാനങ്ങൾ , വളർച്ചാഘട്ടത്തിലെ പ്രശ് നങ്ങൾ നേരത്തെ തിരിച്ചറിയൽ എന്നിവയിൽ വിദഗ്ധർ ക്ലാസെടുക്കും . 15 വയസിൽ താഴെയുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് പങ്കെടുക്കാം . വിശദവിവരത്തിന് ഫോൺ: 0481 2731580.

(പി.ആർ.ഒ./39/11800/2019)

## എം.ബി.എ. ഓൺലൈൻ ചോദ്യബാങ്ക്:
## അധ്യാപകർക്ക് പരിശീലനം

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിലെ എം .ബി.എ. അവസാന സെമസ്റ്റർ പരീക്ഷ ഫലം ജൂണിൽ പ്രസിദ്ധീകരിക്കാനുള്ള നടപടി ആരംഭിച്ചതായി സിൻഡിക്കേറ്റംഗം പ്രൊഫ . ആർ. പ്രഗാഷ് പറഞ്ഞു . എം.ബി.എ. ഓൺലൈൻ ചോദ്യബാങ്ക് തയാറാക്കു ന്നതുമായി ബന്ധപ്പെട്ട് വിദഗ്ധസമിതി അംഗങ്ങൾക്കും അധ്യാപകർക്കും നൽകിയ പരിശീലന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ടു ദിവസമായാണ് പരിശീലനം. സിൻഡിക്കേറ്റംഗവും മാനേജ്മെന്റ് സയൻസസ് ഡീനുമായ പ്രൊ ഫ. സന്തോഷ് പി . തമ്പി, വിദഗ്ധ സമിതിയംഗം ഡോ. എസ്. പ്രദീപ്, എക്സ്റ്റേഷണൽ എക്സ്പെർട്ട് ഡോ. സിബു സി. ചിത്രൻ എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/11801/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ